# FIRST BELL -2


# സാമൂഹ്യ ശാസ്ത്രം –I

# CHAPTER -1   CLASS-4




BIJU KK, GHS TUVVUR , MALAPPURAM 2021-22

# റഷ്യൻ വിപ്ലവം



# റഷ്യൻ വിപ്ലവം

## റഷ്യൻ വിപ്ലവം

"ഞങ്ങൾ തൊഴിലാളികളാണ്. കുട്ടികളുടെ കളിപ്പാട്ടങ്ങൾ തൊട്ട് കൂറ്റൻ യന്ത്രങ്ങൾവരെ സർവതും നിർമിക്കുന്നത് ഞങ്ങളുടെ അധ്വാനംകൊണ്ടാണ്. എന്നാൽ, അതേ സമയം തന്നെ, സ്വന്തം മനുഷ്യാഭിമാനത്തിനുവേണ്ടി പൊരുതാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടവരാണ് ഞങ്ങൾ. ഞങ്ങളെ ആർക്കുവേണമെങ്കിലും അവരുടെ കാര്യസാധ്യത്തിന് ഉപയോഗിക്കാം. കാലാന്തരത്തിൽ മുഴുവൻ അധികാരവും സ്വന്തം കൈയിലെടുക്കാൻ കഴിയത്തക്കവണ്ണമുള്ള സ്വാതന്ത്ര്യമാണ് ഞങ്ങൾക്കിപ്പോൾ വേണ്ടത്. ഞങ്ങളുടെ മുദ്രാവാക്യങ്ങൾ ലളിതമാണ്; 'സ്വകാര്യസ്വത്തുടമസമ്പ്രദായം നശിക്കട്ടെ!', എല്ലാ ഉൽപാദനോപാധികളും ജനങ്ങൾക്ക്!' 'എല്ലാ അധികാരവും ജനങ്ങൾക്ക്!', 'അധ്വാനം എല്ലാവരുടെയും ചുമതല!' ഞങ്ങൾ വെറും കലാപകാരികളല്ലെന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലാക്കാമല്ലോ.... ഞങ്ങൾ വിപ്ലവകാരികളാണ്. ഒരു കൂട്ടർ ആജ്ഞാപിക്കാൻ മാത്രവും മറ്റൊരു കൂട്ടർ പണിയെടു [redacted] കാലത്തോളം ഞങ്ങൾ വിപ്ലവകാരികളായി തുടരുകയും ചെയ്യും."

അമ്മ – മാക്സിം ഗോർക്കി

# റഷ്യൻ വിപ്ലവം കാരണങ്ങൾ

-റഷ്യയിലെ സാർ ചക്രവർത്തിമാരുടെ ഏകാധിപത്യഭരണം.
-കർഷകരുടെയും ഫാക്ടറി തൊഴിലാളികളുടെയും ദുരിതപൂർണമായ ജീവിതം

-റഷ്യയുടെ കാർഷികമേഖലയിലെ കുറഞ്ഞ ഉല്പാദനം.
-ഭൂരഹിതരായ റഷ്യയിലെ കർഷകർ കൂടുതൽ നികുതിഭാരം വഹിക്കേണ്ടി വന്നത്.


-പ്രകൃതിവിഭവങ്ങൾ കൊണ്ട് സമ്പന്നമായ റഷ്യയുടെ വ്യാവസായികോല്പാദനം കുറഞ്ഞത്.
-വ്യവസായങ്ങൾ ഭൂരിഭാഗവും വിദേശികൾ നിയന്ത്രിച്ചത്.




**Maxim Gorky**




**Frederick Engels**



Leo Tolstoy



Karl Marx



Ivan Turgenev

# ചിന്തകന്മാരുടെ സ്വാധീനം

–കാൾ മാക്സ്, ഫെഡറിക് ഏംഗൽസ്, ലിയോ ടോള്സ്റ്റോയ്, മാക്സിം ഗോർക്കി, ഇവാൻ തുർഗനോവ് എന്നിവരുടെ ആശയങ്ങൾ.

–കാൾ മാക്സും, ഫെഡറിക് എംഗൽസും ആവിഷ്കരിച്ച മാർക്സിസ്റ്റ് ആശയങ്ങൾ തൊഴിലാളികളിലേക്ക് ആവേശംപകർന്നു.

–മുതലാളിമാർ നിയന്ത്രിച്ചിരുന്ന ഉൽപാദന വ്യവസ്ഥക്ക് പകരം തൊഴിലാളികളുടെ ആധിപത്യം സ്ഥാപിക്കാൻ അവർ ആഹ്വാനം ചെയ്തു.

-തൊഴിലാളികളുടെ ദുരിതങ്ങൾക്ക് പരിഹാരം കാണാനായി തൊഴിലാളിസംഘടനകൾ രൂപീകരിച്ചു.

-ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി രൂപീകരിച്ചു.

-ഈ പാർട്ടി പിന്നീട് മെൻഷെവിക്കുകൾ (ന്യൂനപക്ഷം) എന്നും ബോൾഷെവിക്കുകൾ (ഭൂരിപക്ഷം) എന്നും രണ്ടായി പിരിഞ്ഞു

-ലെനിൻ, ട്രോട്സ്കി തുടങ്ങിയവർ ബോൾഷെവിക് പാർട്ടിയുടെ നേതാക്കളും അലക്സാണ്ടർ കെറൻസ്കി മെൻഷെവിക്കുകളുടെ നേതാവുമായി.

-1905 ൽ നടന്ന റഷ്യ ജപ്പാൻ യുദ്ധത്തിൽ റഷ്യ പരാജയപ്പെട്ടത് പ്രതിസന്ധി രൂക്ഷമാക്കി.

-രാഷ്ട്രീയ അവകാശങ്ങളും സാമ്പത്തിക പരിഷ്ക്കാരങ്ങളും ആവശ്യപ്പെട്ട തൊഴിലാളികൾ പെട്രോഗ്രാഡ് എന്ന സ്ഥലത്ത് 1905 ജനുവരി 9 ന് പ്രകടനം നടത്തി.

-ഇതിനുനേരെ പട്ടാളം വെടിവെച്ചതിൽ നൂറുകണക്കിന് ആളുകൾ കൊല്ലപ്പെട്ടു.

-ഈ സംഭവം രക്തരൂക്ഷിതമായ ഞായറാഴ്ച എന്നറിയപ്പെടുന്നു.

# <u>ഫെബ്രുവരി വിപ്ലവം</u>

(റഷ്യയിൽ ഒരു താൽക്കാലിക ഗവൺമെന്റ് നിലവിൽ വരാനുള്ള സാഹചര്യം വിശകലനം ചെയ്യുകയുക)

-റഷ്യയിൽ എമ്പാടും സമരങ്ങൾ സംഘടിപ്പിക്കുന്നതിനായി <u>സോവിയറ്റുകൾ</u> എന്നറിയപ്പെട്ട തൊഴിലാളി സംഘങ്ങൾ രൂപീകരിച്ചു.

-സമരം ശക്തമായതിനെ തുടർന്ന് <u>ദ്യൂമ</u> എന്ന നിയമനിർമ്മാണസഭ രൂപീകരിക്കാൻ ചക്രവർത്തി നിർബന്ധിതനായി.

-1914 ഒന്നാം ലോക യുദ്ധം ആരംഭിച്ചതോടെ ദ്യൂമയുടെ എതിർപ്പിനെ അവഗണിച്ച് സാർ ചക്രവർത്തി നിക്കോളാസ് രണ്ടാമൻ യുദ്ധത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു.

-1917 ആയപ്പോഴേക്കും ഭക്ഷ്യ ദൗർലഭ്യം രൂക്ഷമായി.

-1917 മാർച്ച് 8ന് ആയിരക്കണക്കിന് സ്ത്രീകൾ റൊട്ടിക്ക് വേണ്ടി പ്രകടനംനടത്തി.

-പെട്രോഗ്രാഡ് പട്ടണത്തിൽ തൊഴിലാളികൾ പ്രതിഷേധ പ്രകടനം നടത്തി.

-സൈനികർ ആദ്യം ഈ പ്രകടനങ്ങളെ നേരിട്ടെങ്കിലും പിന്നീട് അവരും തൊഴിലാളികളോടൊപ്പം ചേർന്നു.

-ഒന്നാം ലോകയുദ്ധത്തിൽ തങ്ങൾ അനുഭവിച്ച ദുരിതങ്ങളാണ് സൈനികരെ പ്രധാനമായും ഇതിന് പ്രേരിപ്പിച്ചത്.

-പെട്രോഗ്രാഡ് പട്ടണം തൊഴിലാളികൾ പിടിച്ചെടുത്തു.

-നിക്കോളാസ് രണ്ടാമൻ സ്ഥാനം ഒഴിയുകയും റഷ്യയിൽ മെൻഷെവിക്ക് നേതാവായ അലക്സാണ്ടർ കെറൻസ്കിയുടെ നേതൃത്വത്തിൽ ഒരു താൽക്കാലിക ഗവൺമെൻറ് നിലവിൽ വന്നു.

-ഇത് ഫെബ്രുവരി വിപ്ലവം എന്നറിയപ്പെടുന്നു.

# ഒക്ടോബർ വിപ്ലവം

(റഷ്യയിൽ ഒരു തൊഴിലാളിവർഗ ഭരണം സ്ഥാപിക്കുന്നതിൽ ഒക്ടോബർ വിപ്ലവം വഹിച്ച പങ്ക് വ്യക്തമാക്കുക)

–താൽക്കാലിക ഗവൺമെന്റിനെ സോവിയറ്റുകളിൽ ഒരു വിഭാഗം അംഗീകരിച്ചില്ല.

–ഈസമയം സ്വിറ്റ്സർലാൻഡിൽ ആയിരുന്ന വ്ലാഡിമിർ ലെനിൻ റഷ്യയിലെത്തി താൽക്കാലിക ഗവൺമെന്റിനെ ശക്തമായി വിമർശിച്ചു.

–വിപ്ലവം അതിന്റെ ലക്ഷ്യം നേടണമെങ്കിൽ അധികാരം മുഴുവൻ സോവിയറ്റുകൾക്ക് കൈമാറണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

–ബോൾഷെവിക്കുകൾ സോവിയറ്റുകളും ലെനിന്റെ നിലപാടിനെ പിന്തുണച്ചു.

–നൂറ്റാണ്ടുകൾ പഴക്കമുള്ള സാമ്പത്തിക പിന്നോക്കാവസ്ഥയും ജനങ്ങൾക്കിടയിലെ അസമത്വവും ഇല്ലാതാക്കാൻ ഒരു തൊഴിലാളിവർഗ്ഗ ഭരണകൂടത്തിനും മാത്രമേ കഴിയൂ എന്ന് ബോൾഷെവിക്കുകൾ പ്രചരിപ്പിച്ചു.

–1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ താൽക്കാലിക ഗവൺമെന്റിനെ സായുധകലാപത്തിലൂടെപരാജയപ്പെടുത്തി.

–തുടർന്ന് കെറൻസ്കി രാജ്യംവിടുകയും റഷ്യ ബോൾഷെവിക്കുകളുടെ നിയന്ത്രണത്തിലാവുകയും ചെയ്തു.

–ബോൾഷെവിക്കുകൾക്ക് അധികാരം ലഭിച്ച ഈ സംഭവം ഒക്ടോബർ വിപ്ലവം എന്നറിയപ്പെടുന്നു.

# റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ എന്തെല്ലാം?

-ഒന്നാം ലോകയുദ്ധത്തിൽ നിന്നും റഷ്യ പിന്മാറി.

-ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.

-പൊതു ഉടമസ്ഥതക്ക് പ്രാധാന്യം കൊടുത്തു.

-കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി.

-റഷ്യ സാമ്പത്തിക – ശാസ്ത്ര – സാങ്കേതിക രംഗങ്ങളിൽ പുരോഗതി കൈവരിച്ചു.

-1924 പുതിയ ഭരണഘടന നിലവിൽ വന്നു.

-സോവിയറ്റ് റിപ്പബ്ലിക്കുകൾ കൂടിച്ചേർന്ന് സോവിയറ്റ് യൂണിയൻ രൂപീകരിക്കപ്പെട്ടു.

-ലോകത്തിലെ വിവിധ ഭാഗങ്ങളിൽ സോവിയറ്റ് സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപകമായി.

# ALL THE BEST

BIJU KK

GHSS TUVVUR

*MALAPPURAM - 8075512478*